എസ്.ഐയെ ഡി.വൈ.എഫ്.ഐ പ്രവർത്തകർ സ്റ്റേഷനിൽ കയറി മർദ്ദിച്ചു

എടക്കര: അനധികൃതമായി മണൽകടത്തുന്നുവെന്ന സംശയത്തിൽ സി.പി.എം വനിതാ വനിതാ പഞ്ചായത്തംഗത്തിന്റെ ഭർത്താവിന്റെ ഗുഡ്സ് ഓട്ടോ പരിശോധിച്ച എസ്.ഐയെ ഡി.വൈ.എഫ്.ഐ പ്രവർത്തകർ സ്റ്റേഷനിൽ കയറി മർദ്ദിച്ചു. സഹപ്രവർത്തകർ നോക്കിനിൽക്കേയായിരുന്നു പോത്തുകൽ എസ്.ഐ സി.എൻ.സുകുമാരനെ ഒരു സംഘം ഡി.വൈ.എഫ്.ഐ പ്രവർത്തകർ മർദ്ദിച്ചത്. വെള്ളിയാഴ്ച രാത്രി പട്രോളിംഗിനിടയിൽ ഗുഡ്സ് ഓട്ടോ വരുന്നത് കണ്ട് എസ്.ഐയും സംഘവും കൈകാണിച്ചു. എന്നാൽ വാഹനം നിർത്താതെ സമീപത്തെ ഒരു വീട്ടിലേക്ക് കയറ്റുകയായിരുന്നു. മഫ്തിയിലായിരുന്ന എസ്.ഐ വീട്ടിൽ കയറുകയും വാഹനം പരിശോധിക്കുകയും ചെയ്തു. ഓട്ടോയിൽ മണൽകടത്തിയതിന്റെ ലക്ഷണം കണ്ട എസ്.ഐ പുലർച്ചെ ഓട്ടോയുടെ രേഖയുമായി സ്റ്റേഷനിൽ എത്തണമെന്ന് ഡ്രൈവറോട് ആവശ്യപ്പെട്ട് മടങ്ങി. ചുങ്കത്തറ പഞ്ചായത്തിലെ സി.പി.എം പഞ്ചായത്തംഗം പൂവ്വത്തിക്കൽ കൃഷ്ണകുമാരിയുടെ ഭർത്താവിന്റേതായിരുന്നു ഓട്ടോ.

തുടർന്ന് ഇന്നലെ ഉച്ചയോടെ ഡി.വൈ.എഫ്.ഐ പ്രവർത്തകർ പോത്തുകൽ സ്റ്റേഷനിൽ എത്തുകയും തന്നെ ജാതിപ്പേര് വിളിച്ച് അധിക്ഷേപിക്കുകയും മർദ്ദിക്കുകയും ചെയ്തതായി എസ്.ഐ സുകുമാരൻ പറഞ്ഞു. മുഖത്ത് അടിക്കുകയും നെഞ്ചിനും നാഭിക്കും ചവിട്ടുകയും തലപിടിച്ച് ചുമരിൽ അടിക്കുകയും ചെയ്തു. പിന്നീട് സ്റ്റേഷന്റെ പുറത്തേക്ക് വലിച്ചിട്ടു മർദ്ദിച്ചതായും പരാതിയുണ്ട്. പരിക്കേറ്റ എസ്.ഐ ജീപ്പിൽ കയറി ആശുപത്രിയിലേക്കു പോകാൻ ശ്രമിച്ചെങ്കിലും പ്രവർത്തകർ തടഞ്ഞു. തുടർന്ന് ഓട്ടോയിൽ കയറി പോകാൻ ശ്രമിച്ചപ്പോൾ ഓട്ടോയിൽ നിന്നും വലിച്ചിട്ടു. ഒടുവിൽ ഏറെ ദൂരം നടന്ന് മറ്റൊരു ഓട്ടോയിൽ കയറി പോവുകയായിരുന്നു. എന്നിട്ടും പ്രവർത്തകർ പിരിഞ്ഞുപോകാതെ സ്റ്റേഷൻ ഉപരോധിച്ചു. പഞ്ചായത്ത് അംഗത്തിന്റെ വീട്ടിൽ കയറി അപമര്യാദയായി പെരുമാറിയ എസ്.ഐ ക്കെതിരെ നടപടി വേണമെന്നാവശ്യപ്പെട്ടായിരുന്നു ഉപരോധം.

ഡി.വൈ.എഫ്.ഐ സംസ്ഥാന ജോയിന്റ് സെക്രട്ടറി എം.സ്വരാജ്, ഡി.വൈ.എഫ്.ഐ പഞ്ചായത്ത് സെക്രട്ടറി പി.സഹീർ എന്നിവരും കണ്ടാലറിയാവുന്ന ഡി.വൈ.എഫ്.ഐ പ്രവർത്തകരും ചേർന്നാണ് തന്നെ മർദ്ദിച്ചതെന്ന് എസ്.ഐ പറഞ്ഞു. ഇതിനിടയിൽ സ്വരാജും സഹീറും നിലമ്പൂർ താലൂക്ക് ആശുപതിയിൽ ചികിത്സ തേടുകയുണ്ടായി. എസ്.ഐയെ വണ്ടൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പ്രവേശിപ്പിച്ചു.

അനധികൃത പടക്കശേഖരം പൊട്ടിത്തെറിച്ച് ഒരാൾ മരിച്ചു

ചാലക്കുടി: വെള്ളിക്കുളങ്ങരയ്ക്കടുത്ത് രണ്ടുകൈയിലെ വീട്ടിലുണ്ടായ സ്ഫോടനത്തിൽ ഒരാൾ മരിച്ചു. രണ്ടുകൈ തുണ്ടുകാട് വലിയവീട്ടിൽ റാഫേലാണ് (53) മരിച്ചത്. പരിക്കേറ്റ റാഫേലിന്റെ ഭാര്യ ത്രേസ്യാമ്മയെ കുറ്റിച്ചിറയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ രാവിലെ ഒമ്പതോടെയായിരുന്നു വൻ ശബ്ദത്തോടെ സ്ഫോടനമുണ്ടായത്. അനധികൃത പടക്കശേഖരം പൊട്ടിത്തെറിച്ചതാണെന്ന് കരുതുന്നു.

വീടിന്റെ പിൻഭാഗത്താണ് സ്ഫോടനം. അടുക്കളയ്ക്കടുത്ത് നിന്നിരുന്ന റാഫേൽ ഓടിമാറാൻ ശ്രമിച്ചെങ്കിലും സ്ഫോടനത്തിൽ നിലംപതിച്ച സൺഷേഡിന്റെ അടിയിൽ കുടുങ്ങുകയായിരുന്നു. ഈസമയം വീടിന് പുറത്തുനിൽക്കുകയായിരുന്ന ത്രേസ്യാമ്മയ്ക്ക് നിസാര പരിക്കേറ്റു. അരമണിക്കൂർ നേരം കോൺക്രീറ്റ് കട്ടകൾക്കടിയിൽ കുടുങ്ങിക്കിടന്ന മൃതദേഹം പിന്നീട് ജെ.സി.ബി ഉപയോഗിച്ചാണ് പുറത്തെടുത്തത്.

അനധികൃതമായി പടക്കം നിർമ്മിച്ചതിന് കഴിഞ്ഞ ജനുവരി 19ന് റാഫേലിന്റെ പേരിൽ വെള്ളിക്കുളങ്ങര പൊലീസ് കേസെടുത്തിരുന്നു. തുടർന്ന് താൻ പടക്കനിർമ്മാണം നിറുത്തിയെന്നാണ് ഇയാൾ പുറത്തുപറഞ്ഞിരുന്നത്. എന്നാൽ ഇന്നലെ സ്ഫോടനം നടന്ന സ്ഥലത്ത് ഫയർഫോഴ്സ് നടത്തിയ തിരച്ചിലിൽ ഗുണ്ടുകളുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. നാലുവർഷം മുമ്പ് സമീപം താമസിക്കുന്ന റാഫേലിന്റെ സഹോദരൻ ലോനപ്പന്റെ വീട്ടിൽ പടക്കശേഖരം പൊട്ടിത്തെറിച്ച് ലോനപ്പന്റെ ഭാര്യയും മകളും മരിച്ചിരുന്നു.

റാഫേലിന്റെ മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് കൊണ്ടുപോയി. റാഫേലും ഭാര്യയും മാത്രമാണ് ഈ വീട്ടിൽ താമസം. മക്കളായ ജിജോയും ലിജോയും വിദേശത്ത് ജോലിചെയ്യുകയാണ്.

ബി.ഡി. ദേവസി എം.എൽ.എ, കോടശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.കെ. മാധവൻ, തഹസിൽദാർ ഇ.വി. സുശീല, പുതുക്കാട് സി.ഐ വി.കെ. രാജു, വെള്ളിക്കുളങ്ങര അഡീഷണൽ എസ്.ഐ ടി.ബി. അശോകൻ എന്നിവർ സ്ഥലത്തെത്തി അന്വേഷണം നടത്തി.

കുമളിയിലും തേക്കടിയിലും ബോംബ് സ്ക്വാഡ് പരിശോധന നടത്തി

കുമളി: സംസ്ഥാനത്ത് തീവ്രവാദ ഭീഷണി കണക്കിലെടുത്ത് പുറപ്പെടുവിച്ചിരിക്കുന്ന ജാഗ്രതാ നിർദ്ദേശത്തിന്റെ ഭാഗമായി കുമളി, തേക്കടി എന്നിവിടങ്ങളിൽ പൊലീസ് ബോംബ് സ്ക്വാഡ് പരിശോധന നടത്തി.

കുമളി ടൗൺ, ബസ്സ്റ്റാന്റ്, തേക്കടി ബോട്ട് ലാന്റിങ്ങ് എന്നിവിടങ്ങളിലാണ് പരിശോധന നടത്തിയത്. തമിഴ്നാട്ടിൽ നിന്ന് കൊണ്ടുവന്ന പൂക്കൂടകൾ , ചാക്കുകെട്ടുകൾ തുടങ്ങി എല്ലാത്തരം പാർസലുകളും ബോംബ് ഡിക്റ്റക്ടർ ഉപയോഗിച്ച് വിശദമായി പരിശോധിച്ചു.

ബസ് സ്റ്റാന്റിൽ പൊലീസ് സംഘം പരിശോധനക്കെത്തിയപ്പോൾ കഥയറിയാതെ ജനങ്ങൾ പരിഭ്രാന്തരായി ചുറ്റും തടിച്ചുകൂടി. ഭയപ്പെടാൻ തക്കതായി ഒന്നുമില്ലെന്നും ജനങ്ങളുടെ സുരക്ഷ കണക്കിലെടുത്തുള്ള സാധാരണ പരിശോധന മാത്രമാണെന്നും പൊലീസ് അറിയച്ചതോടെയാണ് ജനക്കൂട്ടത്തിന് ആശ്വാസമായത്. തേക്കടി ബോട്ട് ലാന്റിങ്ങിലും, ഉല്ലാസയാത്ര ബോട്ടുകളിലും സൂഷ്മപരിശോധന നടത്തി. ഉടമസ്ഥരില്ലാത്ത നിലയിൽ എന്തെങ്കിലും പാർസൽ കണ്ടെത്തിയാൽ അത് തുറന്നു നോക്കാൻ ശ്രമിക്കാതെ പൊലീസ് സ്റ്റേഷനിൽ അറിയിക്കണമെന്ന് എസ്.ഐ ടി.ഡി. സുനിൽകുമാർ അറിയിച്ചു. രാവിലെ 11 മണിയോടെ തുടങ്ങിയ തെരച്ചിൽ ഉച്ചകഴിഞ്ഞും തുടർന്നു. വരും ദിവസങ്ങളിലും പൊലീസിന്റെ നിരീക്ഷണം ഉണ്ടായിരിക്കും.

കുമളി ബസ്സ്റ്റാന്റിൽ ബോംബ് സ്ക്വാഡ് പരിശോധന നടത്തുന്നു.

ജൂവലറിയിലെ സ്വർണ്ണക്കവർച്ച: പ്രതി മുങ്ങിയത് കാമുകിക്കൊപ്പം

കായംകുളം : നഗരത്തിലെ അറേബ്യൻ ജൂവലറിയിൽ നിന്ന് 15ലക്ഷം രൂപയുടെ സ്വർണ്ണാഭരണങ്ങൾ മോഷ്ടിച്ച പ്രതി മുങ്ങിയത് കാമുകിക്കൊപ്പം. ഓച്ചിറ ചങ്ങൻകുളങ്ങര മുട്ടത്തുകാട്ടിൽ സുനിലിനെ (27) കണ്ടെത്താൻ കായംകുളം സി. ഐ യുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചു. അന്വേഷണം തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിച്ചു. ക്ളാപ്പന സ്വദേശിനിയായ യുവതിക്കൊപ്പമാണ് പ്രതി മുങ്ങിയതെന്ന് പൊലീസ് കരുതുന്നു. യുവതി സുനിലിന്റെ കാമുകിയാണെന്ന് പൊലീസിന് വിവരം ലഭിച്ചിട്ടുണ്ട്. സുനിൽ നാടുവിട്ടശേഷം യുവതിയെയും കാൺമാനില്ലെന്ന് പൊലീസ് പറഞ്ഞു.

ജൂവലറിയിലെ അലമാരയിൽ വച്ചിരുന്ന 15 ലക്ഷം രൂപയുടെ 918 ഗ്രാം സ്വർണ്ണാഭരണങ്ങളാണ് കാണാതായത്. സംശയത്തെ തുടർന്ന് പരിശോധന നടത്തിയപ്പോഴാണ് മോഷണം വെളിച്ചത്തായത്. 13 നെക്ക്ലെസുകളാണ് അപഹരിക്കപ്പെട്ടതെന്നും പകരം ഇതേ ഡിസൈനിലും തൂക്കത്തിലുമുള്ള മുക്കുപണ്ടങ്ങൾ അതേ സ്ഥാനത്ത് വച്ചാണ് തട്ടിപ്പ് നടത്തിയതെന്നും ജൂവലറി ഉടമ റിട്ട. ഡിവൈ. എസ്.പിയായ അബ്ദുൾ റഹ്മാൻ കായംകുളം പൊലീസിന് നൽകിയ പരാതിയിൽ പറയുന്നു. സംഭവത്തിന് പിന്നിൽ സുനിൽ മാത്രമല്ലെന്ന് പൊലീസ് കരുതുന്നു. പ്രതിയെ അന്വേഷിച്ച് പൊലീസ് സംഘം ഇന്നലെ ഇയാളുടെ വീട്ടിലെത്തി. മാതാപിതാക്കളെയും ബന്ധുക്കളെയും ചോദ്യം ചെയ്തു.

മുല്ലപ്പെരിയാർ: സുരക്ഷാഗാർഡിലെ എ.എസ്.ഐ യെ താമസ സ്ഥലത്തുനിന്ന് തമിഴ്നാട് ഉദ്യോഗസ്ഥർ പുറത്താക്കി

കുമളി: മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷാ ഗാർഡിലെ എ.എസ്.ഐ യെ അണക്കെട്ടിലെ താമസ സ്ഥലത്തുനിന്ന് തമിഴ്നാട് പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ ഇറക്കിവിട്ടു.

അണക്കെട്ടിൽ നിന്ന് മണൽവാരി ഇൻസ്പെക്ഷൻ ബംഗ്ലാവിന്റെ അറ്റകുറ്റപ്പണികൾ നടത്താനുള്ള തമിഴ്നാടിന്റെ നീക്കത്തെ കുറിച്ച് ഉയർന്ന പോലീസ് ഉദ്യോഗസ്ഥർക്ക് റിപ്പോർട്ട് നൽകിയതിലുള്ള പകപോക്കലായാണ് പുറത്താക്കൽ നടപടി. ഒരു എ.എസ്.ഐ ഉൾപ്പടെ 32 അംഗ കോരളപോലീസ് സേനയാണ് അണക്കെട്ടിന്റെ സുരക്ഷ ചുമതല വഹിക്കുന്നത്. ഇവർക്ക് താമസിക്കുന്നതിനും, ക്യാമ്പ് ഓഫീസ് പ്രവർത്തിക്കുന്നതിനും തമിഴ്നാട് പൊതുമരാമത്ത് വകുപ്പാണ് കെട്ടിടം അനുവദിച്ചിരുന്നത്. എ.എസ്.ഐ യുടെ ക്യാമ്പ് ഇൻസ്പെക്ഷൻ ബംഗ്ലാവിനോട് ചേർന്ന ഒരു മുറിയാലായിരുന്നു. പ്രത്യേകിച്ച് കാരണമൊന്നും ചൂണ്ടിക്കാണിക്കാതെ കഴിഞ്ഞ ദിവസം മുറി ഒഴിയാൻ തമിഴ്നാട് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എൻജീനീയർ രാജേഷ് ആവശ്യപ്പെടുകയായിരുന്നു. തമിഴ്നാട്ടിൽ നിന്ന് ഉദ്യോഗസ്ഥർ കൊണ്ടുവന്ന തൊഴിലാളികൾ അണക്കെട്ടിൽ നിന്ന് മണൽവാരുന്നത് ശ്രദ്ധയിൽപ്പെട്ട എ.എസ്.ഐ അതിന്റ ഫോട്ടോ ഗ്രാഫുകൾ എടുത്ത് മേലുദ്യോഗസ്ഥർക്ക് നൽകിയിരുന്നു. കൂടാതെ അടുത്തിടെ അണക്കെട്ടിന്റെ ഉൾഭിത്തിയിലെ പ്ലാസ്റ്ററിങ്ങ് അടർന്ന് പോയ ഭാഗങ്ങളിൽ സിമന്റതേച്ച് മറയ്ക്കുന്നതിന്റെ വിവരങ്ങളും സുരക്ഷാഗാർഡ് റിപ്പോർട്ട് ചെയ്തിരുന്നു.

മുല്ലപ്പെരിയാറ്റിൽ സുരക്ഷാ ജോലിചെയ്യുന്ന കേരള പോലീസിനോട് തമിഴ്നാട് ഉദ്യോഗസ്ഥർ നേരത്തേയും പകപോക്കൽ നടപടി എടുത്തിട്ടുണ്ട്. മുൻപ് ഒരിക്കൽ കുടിവെള്ളം നിക്ഷേധിച്ചുകൊണ്ടായിരുന്നു പകപോക്കൽ.

ചരമം



എ.ഇ. മൊയ്തീൻഹാജി

കൊടിയത്തൂർ: എറക്കോടൻ ഗ്രൂപ്പ് ചെയർമാനും കൂളിമാടിലെ പൗരപ്രമുഖനും മുൻ പി.ഡബ്ല്യു.ഡി കോൺട്രാക്ടറുമായ എറക്കോടൻ അറളയിൽ മൊയ്തീൻഹാജി (73) നിര്യാതനായി. ഭാര്യ: കരുവമ്പൊയിൽ താഴെപൊയിൽ പൊൻപറയൽ അഹമ്മദ്കുട്ടിഹാജിയുടെ മകൾ കുഞ്ഞാമിന. മക്കൾ: കെ.ടി. ഖാലിദ്, (എറക്കോടൻ ഗ്രൂപ്പ് എം.ഡി.), മുഹമ്മദ്കുട്ടി (എറക്കോടൻ ഗ്രൂപ്പ്- ബഹ്റൈൻ), കെ.ടി. നാസർ (എറക്കോടൻ ഗ്രൂപ്പ്- ഡയരക്ടർ), ഫാത്തിമബീവി, സീനത്ത്. മരുമക്കൾ: ബുഷറ (കൊടുവള്ളി), ബബിത (മഞ്ചേരി), ഹബീബ (കൊണ്ടോട്ടി), അബ്ദുള്ള (വെസ്റ്റ് കൊടിയത്തൂർ), അഡ്വ. ജലാലുദ്ദീൻ (മണക്കടവ്). മയ്യത്ത് നിസ്കാരം ഇന്ന് രാവിലെ 10 മണിക്ക് കൂളിമാട് ജുമാഅത്ത് പള്ളിയിൽ.

അയ്യപ്പക്കുട്ടി

ഏങ്ങണ്ടിയൂർ: ചേറ്റുവ ചക്കാണ്ടൻ മുണ്ടൻ മകൻ അയ്യപ്പക്കുട്ടി (76) നിര്യാതനായി. സംസ്കാരം പിന്നീട്. ഭാര്യ: അമ്മു. മക്കൾ: ഭാസ്കരൻ, പരേതനായ സിദ്ധാർത്ഥൻ, പ്രേമൻ.

വി. ശശിധരൻനായർ

നാലാഞ്ചിറ: മാത്തിൽ നട താമരഭാഗത്തു വീട്ടിൽ റിട്ട. എസ്.ഐ വി. ശശിധരൻനായർ (63) നിര്യാതനായി. ഭാര്യ : ജെ. കൃഷ്ണമ്മ (റിട്ട. സൂപ്രണ്ട്, പൊലീസ് ഹെഡ് ക്വാർട്ടേഴ്സ്). മകൻ : ശരത്കൃഷ്ണൻ.

സുകുമാരൻ

വർക്കല: മണമ്പൂർ പാർത്തുക്കോണത്ത് മേലേവിള വീട്ടിൽ വിമുക്തഭടൻ സുകുമാരൻ (97) നിര്യാതനായി. ഭാര്യ: പരേതയായ ശാരദ. മക്കൾ: ആനന്ദവല്ലി, രത്നവല്ലി, വിമല, സഹദേവൻ, രാധ, സുജാത.



പത്മാവതിഅമ്മ

രാമനാട്ടുകര: പാറമ്മലെ റിട്ട. അദ്ധ്യാപകൻ പരേതനായ മാങ്കാവിൽ വിശ്വനാഥൻനായരുടെ ഭാര്യ പി.പി. പത്മാവതിഅമ്മ (75) നിര്യാതയായി. നല്ലളം എ.എൽ.പി. സ്കൂളിലെ റിട്ട. അദ്ധ്യാപികയായിരുന്നു. മക്കൾ: പവിത്രൻ (പ്രധാനാദ്ധ്യാപകൻ, രാമനാട്ടുകര ഗണപത് എ.യു.പി. സ്കൂൾ), ഇന്ദിര (അദ്ധ്യാപിക, ജി.എഫ്.എൽ.പി. സ്കൂൾ, കടലുണ്ടി നഗരം), രമാദേവി (പ്രധാനാദ്ധ്യാപിക, പാറമ്മൽ എ.എൽ.പി.ബി. സ്കൂൾ).

മരുമക്കൾ: പി.എം. രാധാകൃഷ്ണൻ (സബ്രജിസ്ട്രാർ, മലപ്പുറം), കെ.പി. രാജേന്ദ്രൻ (റവന്യൂ ഇൻസ്പെക്ടർ, കുന്ദംകുളം മുനിസിപ്പാലിറ്റി), വി.ആർ.മായ (അദ്ധ്യാപിക, എ.യു.പി. സ്കൂൾ, തേഞ്ഞിപ്പലം). സഞ്ചയനം മാർച്ച് 14ന് ഞായറാഴ്

ദേവകി

പുൽപ്പള്ളി: പെരിക്കല്ലൂർ കരോട്ടുകല്ലൂർ പരേതനായ കുമാരന്റെ ഭാര്യ ദേവകി (77) നിര്യാതയായി. മക്കൾ: ശശികുമാർ, ദാസൻ, സലീംകുമാർ, ഉഷ, പരേതയായ ഓമന. മരുമക്കൾ: ശോഭന, വിലാസിനി, ഉഷ, ദാമോദരൻ, ശശി.

വി.കെ. ഗീതാകുമാരി

തിരുവനന്തപുരം: ജഗതി മണൽപ്പുറം വീട്ടിൽ ലാലപ്പന്റെ ഭാര്യ വി.കെ. ഗീതാകുമാരി (60) നിര്യാതയായി. മകൾ : റിനി. സഞ്ചയനം: ഞായറാഴ്ച രാവിലെ 9ന് പേട്ട ചായക്കുടി ലെയ്ൻ സി.ആർ.എ 413 എയിൽ.

രാജമ്മ

നെയ്യാറ്റിൻകര: വെൺപകൽ മഞ്ഞക്കോട് കാർത്തികയിൽ പരേതനായ മാധവൻനായരുടെ ഭാര്യ രാജമ്മ (75) നിര്യാതയായി. മക്കൾ : പത്മകുമാരി, ഗോപാലകൃഷ്ണൻനായർ,



നാരായണൻനായർ

കൊയിലാണ്ടി: മന്ദമംഗലം കരിപ്പള്ളി നാരായണൻ നായർ (84) നിര്യാതനായി. ഭാര്യ: ലീല. മക്കൾ: ഇന്ദിര (അദ്ധ്യാപിക ജി.എം.എൽ.പി. സ്കൂൾ, കൊല്ലം), ദീപ (അദ്ധ്യാപിക ജി.എം.യു.പി. സ്കൂൾ, കൊളപ്പുറം), സത്യൻ. മരുമക്കൾ: യു. രാജീവൻ മാസ്റ്റർ (ഡി.സി.സി വൈസ് പ്രസിഡന്റ്), ഇ.പി. മോഹനൻ (അദ്ധ്യാപകൻ, ജി.എം.യു.പി. സ്കൂൾ, വെന്നിയർ), വനജ.

കുഞ്ഞിരാമൻ

മേപ്പയ്യൂർ: മേപ്പയ്യൂർ വൊക്കേഷണൽ ഹൈസ്കൂളിന് സമീപം മാവുള്ളകണ്ടി മീത്തൽ കുഞ്ഞിരാമൻ (80) നിര്യാതനായി. ആദ്യകാല വ്യാപാരിയായിരുന്നു. ഭാര്യ: ചിരുത. മക്കൾ: ശങ്കരൻ, ചന്ദ്രൻ, (രണ്ടുപേരും കച്ചവടം), നാരായണൻ (ഖത്തർ), കാർത്ത്യായനി, ജാനു, ശ്രീജ, ഷീബ. മരുമക്കൾ: ചെക്കോട്ടി, കുഞ്ഞിരാമൻ, പ്രദീപൻ, പരേതനായ സുധാകരൻ.

സുധീഷ്

മട്ടന്നൂർ: നടുവനാട് കൊട്ടുറുഞ്ഞാലിലെ പി.വി. സുധീഷ്(19) നിര്യാതനായി. മുട്ടത്തിൽ കുഞ്ഞിക്കണ്ണന്റെയും ദേവകിയുടെയും മകനാണ്.

സരസ്വതി

മലയിൻകീഴ്: കുഴിതാലംകോട്ട് എസ്.കെ ഭവനിൽ കുഞ്ഞൻ പണിക്കരുടെ ഭാര്യ സരസ്വതി (76) നിര്യാതയായി. മക്കൾ : രാധാകൃഷ്ണൻ, ശോഭനകുമാരി, ശൈലജകുമാരി, ഷാജികുമാർ. മരുമക്കൾ : ബീനാ രാധാകൃഷ്ണൻ, സുരേന്ദ്രൻ, പരേതനായ സുശീലൻ, രേഷ്മ. സഞ്ചയനം:

കെ. കേശവൻ

വിതുര: പൊൻപാറ അർച്ചന ഭവനിൽ കെ. കേശവൻ (73) നിര്യാതനായി. അവിവാഹിതനാണ്.



കുഞ്ഞാപ്പു

തിരൂർ: പൂക്കയിൽ സ്വദേശി താഴെപ്പാലം പലച്ചരക്ക് കച്ചവടക്കാരനായ എടക്കാട്ട് സെയ്താലി എന്ന കുഞ്ഞാപ്പു(75) നിര്യാതനായി. ഭാര്യ-ഇയ്യാത്തുമ്മ, മക്കൾ-ഖാലിദ്, ഹുസൈൻ, അബ്ദുള്ള, മറിയ, താഹിറ, ഫാത്തിമ, സാബിറ, മരുമക്കൾ-ഹസൈനാർ, ഇബ്രാഹിം, ബഷീർ, അഷ്റഫ്, സുഹറ, സലീന, സാഹിന

അശോകൻ മാസ്റ്റർ

പാപ്പിനിശ്ശേരി: പാപ്പിനിശ്ശേരി പുതിയകാവിന് സമീപത്തെ കാര്യത്ത്വീട്ടിൽ അശോകൻ മാസ്റ്റർ (64) നിര്യാതനായി. ടുസ്റ്റാർ, ഇന്ത്യൻ ടെക്സ്റ്റയിൽസ്, കോഴിക്കോട് കോമൺവെൽത്ത് എന്നീ സ്ഥാപനങ്ങളിൽ ഡയിംഗ് മാസ്റ്ററായിരുന്നു. ഭാര്യ: കെ.പി. ഉഷ. മക്കൾ: സാധന (കല്ലടതോട്), സുഷമ (കോഴിക്കോട്), കെ.പി. സഞ്ജീവ് (എഡിറ്റർ സായാഹ്നം), സനിൽകുമാർ (ബിസിനസ്), സന്തോഷ്, സുമിത്ത്കുമാർ (വീഡിയോഗ്രാഫർ). മരുമക്കൾ: ഷാനു (കല്ലടതോട്), രഞ്ജിത്ത് (കോഴിക്കോട്), ഐശ്വര്യ (കോഴിക്കോട്), ഷീമ (ചെറുകുന്ന്), അമ്മു.

കണ്ണൻ പണിക്കർ

കുഞ്ഞിമംഗലം: പ്രമുഖ തെയ്യംകലാകാരനും ആദ്യകാല കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകനുമായിരുന്ന കുഞ്ഞിമംഗലം തെക്കുമ്പാട്ടെ മനയിൽ വളപ്പിൽ കണ്ണൻ പണിക്കർ (74) നിര്യാതനായി. ഭാര്യ: ചന്ദ്രിക. മക്കൾ: റീന (ഗവ. വെൽഫേർ സ്കൂൾ, ചെറുകുന്ന്), വിനോദ്, റീജ, ബിജു. മരുമക്കൾ: ബാബു (പാപ്പിനിശ്ശേരി കോ- ഓപ്പറേറ്റീവ് റൂറൽ ബാങ്ക്), ശിവദാസൻ (അരോളി), ലസിത. സഹോദരങ്ങൾ: മാണി കാഞ്ഞങ്ങാട്, പരേതരായ ചീയ്യയി.

കുഞ്ഞികോരു

വള്ളിക്കുന്ന്: ഹീറോസ് നഗറിൽ താമസിക്കുന്ന തറയിൽ കുഞ്ഞികോരു(84) നിര്യാതനായി. മക്കൾ-ഹരിദാസൻ, രാജൻ(ദമാം), ജനാർദ്ദനൻ(ടെൽക് അങ്കമാലി), സോമൻ(സൗദി), ലോഹിതാക്ഷൻ, ഗിരീശൻ(ഖത്തർ), ബേബി, റോജ, മരുമക്കൾ- ചന്തുക്കുട്ടി, ബാബു, പുഷ്പ, ശൈലജ, ശ്രീമതി, അജിത, ഉഷ, സരിത.

ഹരീന്ദ്രൻ

കണ്ണൂർ: പൊടിക്കുണ്ട് ഹരിശ്രീയിൽ കളത്തിൽ ഹരീന്ദ്രൻ(62) നിര്യാതനായി. റിട്ട. സബ് ഇൻസ്പെക്ടറായിരുന്നു. ഭാര്യ: രാജശ്രീ. മക്കൾ: അരുൺ, രശ്മി. മരുമകൻ: മനോജ്(ദുബായ്) സഹോദരങ്ങൾ: ഗൗതമൻ, പുഷ്പവല്ലി, പുഷ്പകൻ.

കാർത്ത്യായനി

മട്ടന്നൂർ: പാണലാട്ടെ പുതിയപുരയിൽ കാർത്ത്യായനി (48) നിര്യാതയായി. ഭർത്താവ്: ബാലൻ. മക്കൾ: സുധീഷ്, സുമ, സുജിന. മരുമക്കൾ: രതി, വിനോദൻ, ഭാസ്കരൻ. സഹോദരങ്ങൾ: നാണി, ദേവി, യശോദ, രോഹിണി, ഗോപാലൻ, ചെമ്മരത്തി, പരേതനായ കുഞ്ഞിരാമൻ.

ഡി. ചിത്രാംഗദൻ

ആറ്റിങ്ങൽ: മണമ്പൂര് പാർത്തുകോണം ഷിബുവിലാസത്തിൽ ഡി. ചിത്രാംഗദൻ (65) നിര്യാതനായി. ഗവ. കോൺട്രാക്ടറും റേഷൻകട ഉടമയുമാണ്. ഭാര്യ : ലളിത. മക്കൾ : ഷിബു, റോബി.

പാർവ്വതി അമ്മ

ശ്രീകണ്ഠാപുരം: പാറക്കാടിയിലെ പരേതനായ ടി.വി. കമ്മാരൻ മാസ്റ്ററുടെ ഭാര്യ കുറ്റ്യാട്ട് കേളോത്ത് പാർവ്വതി അമ്മ (96) നിര്യാതയായി. മക്കൾ: ബാലകൃഷ്ണൻ (മുംബയ്), ഭാസ്കരൻ (വിമുക്തഭടൻ), നാരായണൻ (വിമുക്തഭടൻ), കുഞ്ഞിക്കമ്മാരൻ (വിമുക്തഭടൻ), ജനാർദ്ദനൻ, രാമചന്ദ്രൻ .

ദേവകി

കോവളം: ലക്ഷ്മി മന്ദിരത്തിൽ പരേതനായ നടേശപ്പണിക്കരുടെ ഭാര്യ ദേവകി (80) നിര്യാതയായി.

ബീരാൻകുട്ടി

തിരൂർ: തിരൂർ കൊരങ്ങത്ത് സ്വദേശിയും കിഴക്കുംപാട്ട് ബീരാൻകുട്ടി ഹാജി എന്ന മുല്ല(85) നിര്യാതനായി. കൊരങ്ങത്ത് ജുമാമസ്ജിദിൽ മുൻ ജീവനക്കാരനായിരുന്നു. ഭാര്യ-പാത്തുമ്മ, മക്കൾ-അഷ്റഫ്(ഷറഫു), അബ്ദുറഹിമാൻ(ആറ്റ), സുലൈമാൻകുട്ടി, കമ്മുക്കുട്ടി, സുഹറ, ആസ്യ, മരുമക്കൾ-സെയ്തലവി, അബ്ദുൾ സലാം, (ഇരുവരും ദുബായ്)

സനൽകുമാർ

വെടിവച്ചാൻകോവിൽ: നടുത്തട്ടുവിളാകത്തു പുത്തൻ വീട്ടിൽ സനൽകുമാർ (അനി-47) നിര്യാതനായി. ഭാര്യ : സോമകുമാരി. മക്കൾ : ഗോകുൽ കൃഷ്ണൻ, രോഹിത് കൃഷ്ണൻ, യദുകൃഷ്ണൻ. സഞ്ചയനം : ചൊവ്വാഴ്ച രാവിലെ 8.15ന്.

ഫാത്തിമ

വർക്കല: വെട്ടൂർ റാത്തിക്കൽ ഫാത്തിമാ മൻസിലിൽ പരേതനായ മുഹമ്മദ് കാസിമിന്റെ ഭാര്യ ഫാത്തിമ (80) നിര്യാതയായി. മക്കൾ: ഫളീല, ലത്തീഫ, സഫിയ, മാസിനി, ഫാസിൽ (യു.എ.ഇ), നാസർ (യു.എ.ഇ), സാജർ (യു.എ.ഇ). മരുമക്കൾ: അബ്ദുൽസലാം (റിട്ട. സൂപ്രണ്ട് തിരുവനന്തപുരം കളക്ടറേറ്റ്), റിട്ട. പ്രൊഫ. കൗദ്, പരേതനായ എം. എഖാദർ, പരേതനായ കെ. എ. റഹീം, ഷെഹീദ, അസീന, ഹഫുസ.

ജെ. മൈക്കിൾ

തിരുവനന്തപുരം: യൂണിയൻ ബാങ്ക് കുളത്തൂർ അരശുമൂട് ശാഖയിലെ ജീവനക്കാരൻ വലിയവേളി രേഷ്മ ഹൗസിൽ ജെ. മൈക്കിൾ (57) നിര്യാതനായി. ഭാര്യ : ഗേളി മൈക്കിൾ. മകൾ : രേഷ്മ മൈക്കിൾ. സംസ്കാരം ഇന്ന് രാവിലെ 10ന് വലിയവേളി സെന്റ് സേവ്യേഴ്സ് ദേവാലയ സെമിത്തേരിയിൽ.

പെണ്ണൂട്ടി

വള്ളിക്കുന്ന്: ചോയ്യൻകാവിന് സമീപം താമസിക്കുന്ന കാന്തോളിമഠത്തിൽ കുമാരൻ എന്നവരുടെ ഭാര്യ പെണ്ണൂട്ടി(75) നിര്യാതയായി. മക്കൾ-രവീന്ദ്രൻ (റിട്ടയേർഡ് പഞ്ചായത്ത് സെക്രട്ടറി), പ്രസന്നകുമാർ(കോമൺവെൽത്ത് ടൈൽസ് ഫറോക്), ശൈലജ, ശശികല, വത്സലനാഥൻ(സൗദി)ഷറീന, മരുമക്കൾ-സി.കൃഷ്ണൻ (റിട്ട. അസി. രജിസ്ട്രാർ ഇൻഡസ്ട്രീസ്), കെ. രാജേന്ദ്രൻ (കൊണ്ടോട്ടി), സതീശൻ(കണ്ണൂർ), വിശ്വനാഥൻ(ചാലിയം), ഗൗരി (റിട്ട. പഞ്ചായത്ത് സെക്രട്ടറി), ധർമ്മജ, ഷൈജു (സരസ്വതി വിദ്യാനികേതൻ മണ്ണൂർ), ഷീന.

മറിയം

പുതുക്കാട്: മുളങ്ങ് കരിപ്പേരി ലാസറിന്റെ ഭാര്യ മറിയം(85)നിര്യാതയായി. മക്കൾ: ജ്യാന, ജോസ്, ഫ്രാൻസിസ്, റാഫി, തോമസ്, ഡേവീസ്, എൽസി. മരുമക്കൾ: പരേതനായ ജോണി, വൽസ, ആനി, പ്രിൻസി, ബിനി, ജാസ്മിൻ, ജോസഫ്.

ചന്ദ്രൻ

കോടന്നൂർ: എൽ.ഐ.സി. തൃശൂർ ബ്രാഞ്ച് നമ്പർ-2 ഏജന്റും ബ്രാഞ്ച് മാനേജേഴ്സ് ക്ലബ്ബ് അംഗവുമായ പഴോർ പരേതനായ നാരായണൻ നായരുടെ മകൻ ചന്ദ്രൻ (ഉണ്ണി-55) നിര്യാതനായി. സംസ്കാരം നടത്തി.

ഭാര്യ: ജയശ്രീ. മക്കൾ: രഞ്ജിത്ത് (ദുബായ്), രമ്യ. മരുമക്കൾ: സിമി, സജീവ് കുമാർ (ദുബായ്).

പത്മാവതി അമ്മ

ഇരിങ്ങാലക്കുട: ചെങ്ങാല്ലൂർ എടത്തൂട്ട് പത്മാവതി അമ്മ(82) നിര്യാതയായി. മക്കൾ: മോഹൻദാസ്, മദനസുന്ദരൻ, രമണി, ഹേമലത, ലതിക, ഗോപി.

അമ്മുണ്ണി

വള്ളിക്കുന്ന്: കുട്ടമുച്ചിക്ക് സമീപം താമസിക്കുന്ന പരേതനായ കുമ്മിളി വീട്ടിൽ രാഘവൻ നായരുടെ ഭാര്യ അമ്മുണ്ണി(85) നിര്യാതയായി. മക്കൾ-ചന്ദ്രൻ, വിജയൻ, സദാനന്ദൻ, സുധാകരൻ, ജനാർദ്ദനൻ, (ഫെയിം ഓട്ടോ മൊബൈൽ), പത്മിനി, ഷീജ (ജിവിഎച്ച്എസ്എസ് ചേളാരി), മരുമക്കൾ -പരേതനായ ഓണത്തറ നാരായണൻ, തങ്കമണി, പുഷ്പ, സുഷമ, ലളിത, ബേബി, ശശിധരൻ(എ.എൻ.പി.എസ് കൊളക്കാട്ടുചാലി)

പി.ടി. മുഹമ്മദ്കോയ

കോഴിക്കോട്: പുതിയതോപ്പ് തൊടുകയിൽ പരേതനായ കുഞ്ഞാലൻ മകൻ പി.ടി. മുഹമ്മദ്കോയ (49) സ്വവസതിയിൽ നിര്യാതനായി.

ഭാര്യ: എം.പി. മറിയംബി. മക്കൾ: മുഹമ്മദ് മഹ്സൂം, മുഹമ്മദ് നിസാം, മുഹമ്മദ് ഹൈസം, ഫാതിമ അനീഷ. മരുമകൻ: എ.ടി. മുഹമ്മദ്. സഹോദരങ്ങൾ: പി.ടി. ഖാലിദ്, പി.ടി. മറിയംബി, പരേതനായ പി.ടി. അബൂബക്കർ. ഇനാസ നമസ്കാരം ഉച്ചക്ക് 2 മണിക്ക് പരപ്പിൽ ഷാദുലിപള്ളിയിൽ.

ആർ. വിക്രമൻ നായർ

നെടുമങ്ങാട്: മുക്കോല ചൂഴമ്പാല കൃഷ്ണയിൽ ആർ. വിക്രമൻ നായർ (68) നിര്യാതനായി. ഭാര്യ: സുലോചന അമ്മ. മക്കൾ: രാജീവ് (പോസ്റ്റൽ വകുപ്പ്), രജിത, രഞ്ജിത്.



ജാനകി

കൊടുങ്ങല്ലൂർ: പെരിഞ്ഞനം വെസ്റ്റ് പനപ്പറമ്പിൽ പരേതനായ വേലായുധന്റെ ഭാര്യ ജാനകി(78)നിര്യാതയായി. മക്കൾ: ലോഹിതാക്ഷൻ, പരേതനായ സുഗതൻ, ശ്രീധരൻ.

അലീമ

വാടാനപ്പിള്ളി: പഴയ പൊലീസ്റ്റേഷന് സമീപം അമ്പലത്ത് വീട്ടിൽ തച്ചംകോട്ട് അലീമ (ചെറോൾ-80) നിര്യാതയായി. കബറടക്കം നടത്തി. അവിവാഹിത.

ബൈക്കിൽനിന്ന് വീണുമരിച്ചു

നടുവണ്ണൂർ: നടുവണ്ണൂർ സബ്രജിസ്ട്രാർ ആഫീസ് ജംഗ്ഷന് സമീപം ഹോട്ടൽ നടത്തുന്ന കച്ചേരിപറമ്പിൽ രാജു (45) ബൈക്കിൽനിന്ന് വീണുമരിച്ചു. വ്യാഴാഴ്ച രാത്രി 9.30-ഓടെ ജവാൻ ഷൈജു സ്മാരക ബസ്സ്റ്റോപ്പിന് സമീപത്തുവച്ചാണ് അപകടം. കണ്ണമ്പാലത്തെരു ക്ഷേത്രത്തിൽ നിന്ന് ഉത്സവം കണ്ട് തിരിച്ചുവരികയായിരുന്നു. ബൈക്കിന് പിറകിൽ സഞ്ചരിക്കവെ റോഡിൽ വീഴുകയായിരുന്നു. തലക്ക് ഗുരുതരമായ പരിക്കേറ്റ ഇയാളെ ഉടൻതന്നെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

അവിവാഹിതനായ രാജു നടുവണ്ണൂരിലെ കച്ചേരിപറമ്പിൽ പരേതരായ ശങ്കരന്റെയും ചിരുതക്കുട്ടിയുടെയും മകനാണ്. സഹോദരങ്ങൾ: ചന്ദ്രൻ, അച്ചുതൻ, ഇന്ദിര, ഉഷ. പരേതനോടുള്ള ആദരസൂചകമായി വ്യാപാരികൾ ടൗണിൽ കടകളടച്ച് ഹർത്താൽ ആചരിച്ചു.

ഓട്ടോതട്ടി മരിച്ചു

വേങ്ങേരി: വേട്ടയാടുകുന്നമ്മൽ താമസിക്കും മരക്കാൻകണ്ടി കോയ (84) ഓട്ടോതട്ടി മരിച്ചു. മക്കൾ: അബ്ദുൾലത്തീഫ് (സി.ജെ.എം കോടതി, കോഴിക്കോട്), സിദ്ദീഖ്, സഫിയ, സാബിറ, അബ്ദുന്നാസർ, ഷർഫുദ്ദീൻ. മരുമക്കൾ: മജീദ്, മുഹമ്മദ് റാഫി, സുഹ്റ, സുഹറാബി, ഹാജറ, റഹീമ.

എ. എസ്. ഐയുടെ ഭാര്യ ട്രെയിൻതട്ടി മരിച്ച നിലയിൽ

നീലേശ്വരം: കാസർകോട് കൺട്രോൾറൂം എ. എസ്. ഐ നീലേശ്വരം പള്ളിക്കരയിലെ ഇ.കെ. രവീന്ദ്രന്റെ ഭാര്യ കെ.വി. പ്രസീത(30)യെ ട്രെയിൻ തട്ടി മരിച്ച നിലയിൽ കണ്ടെത്തി. നീലേശ്വരം റെയിൽവെ സ്റ്റേഷനു സമീപം ഇന്നലെ രാവിലെയാണ് സംഭവം. മക്കൾ: അർജ്ജുൻ, അശ്വിൻ.

ഭീമനടി കാലിക്കടവിലെ മുള്ളൻകൊല്ലി കോടോത്ത് വളപ്പിൽ കൃഷ്ണന്റെയും ഭാനുമതിയുടെയും മകളാണ്.